2025 FEBRUARY
10
MONDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper




# മോദി,ട്രംപ് കൂടിക്കാഴ്ച

# ഇന്ത്യ–യൂറോപ്പ് ഇടനാഴി ചർച്ചയാകും

**ന്യൂഡൽഹി:** ഇന്ത്യയുടെ സാമ്പത്തിക രംഗത്തു വലിയ മാറ്റങ്ങൾക്കു വഴിയൊരുക്കുന്ന ഇന്ത്യ,മിഡിൽ ഈസ്റ്റ്, യൂറോപ്പ് സാമ്പത്തിക ഇടനാഴി (ഐഎംഇസി) പദ്ധതിയിൽ നിർണായക തീരുമാനങ്ങൾ ഉടൻ ഉണ്ടാകുമെന്നു സൂചന. പ്രധാനമന്ത്രി നരേന്ദ്ര മോദിയും യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപും തമ്മിൽ ഫെബ്രുവരി 12,13 തിയതികളിൽ യുഎസിൽ വച്ച് നടക്കാനിരിക്കുന്ന കൂടിക്കാഴ്ച്ചയിലായിരിക്കും പദ്ധതിയുമായി ബന്ധപ്പെട്ട നിർണായക ചർച്ചകൾ നടക്കുക. അദാനി ഗ്രൂപ്പാണ് ഐഎംഇസി പദ്ധതിയുടെ പ്രധാന പങ്കാളി. ഇതുൾപ്പെടെ ഇരുരാജ്യങ്ങളും തമ്മിലുള്ള പ്രതിരോധ സഹകരണം, സാമ്പത്തിക സഹകരണം എന്നീ വിഷയങ്ങളിലും ട്രംപ്-മോദി ചർച്ച നടന്നേക്കും.



ചൈനയുടെ പദ്ധതിയ്ക്കു ബദലായി ഐഎംഇസി പദ്ധതിയെ ഉയർത്തിക്കാട്ടാനാണു നീക്കം. ചൈനയുടെ ബെൽറ്റ് ആൻഡ് റോഡ് ഇനിഷ്യേറ്റീവ് (ബിആർഐ) പദ്ധതിയ്ക്കു ബദലായി ബഹുരാഷ്ട്ര അടിസ്ഥാന സൗകര്യ സംരംഭമായ ഇന്ത്യ മിഡിൽ ഈസ്റ്റ്യൂറോപ്പ് സാമ്പത്തിക ഇടനാഴി മാറ്റുക എന്നതായിരിക്കും ചർച്ചയിലെ പ്രധാന അജണ്ട. മിഡിൽ ഈസ്റ്റ് വഴി ഇന്ത്യയെ യൂറോപ്പുമായി ബന്ധിപ്പിക്കുന്നതിനായി രൂപകൽപ്പന ചെയ്ത അടിസ്ഥാന സൗകര്യ പദ്ധതിയാണ് ഐഎംഇസി. ഇന്ത്യ, യുഎഇ, സൗദി അറേബ്യ, ഇസ്രയേൽ, യൂറോപ്പ് എന്നിവയെ ബന്ധിപ്പിക്കുന്ന 4,500 കിലോമീറ്റർ വ്യാപാര പാതയാണ് ഐഎംഇസിയുടെ പ്രധാന സവിശേഷത. പരമ്പരാഗത കടൽ പാതകളെ അപേക്ഷിച്ച് ഗതാഗത സമയം ഗണ്യമായി കുറയ്ക്കുന്നതിന് ഈ ഇടനാഴി സഹായിക്കുമെന്നാണ് വിലയിരുത്തൽ. പദ്ധതിയുടെ ഭാഗമായി പുതിയ തുറമുഖങ്ങൾ, റെയിൽ ശൃംഖലകൾ, ഊർജ്ജ പദ്ധതികൾ എന്നിവയാണു ലക്ഷ്യം വയ്ക്കുന്നത്. പങ്കാളിത്ത രാജ്യങ്ങൾക്കും ഇതിന്റെ പ്രയോജനം ലഭിക്കും. ഇസ്രയേലിലെ ഹൈഫ തുറമുഖത്തിന്റെ 70 ശതമാനം ഓഹരികൾ അദാനി ഗ്രൂപ്പ് ഏറ്റെടുക്കുമെന്ന് റിപ്പോർട്ടുകളുണ്ടായിരുന്നു. ഇതും ഐഎംഇസി പദ്ധതിയ്ക്കു നിർണായക ഘടകമാണ്. ഈ നീക്കം ഇന്ത്യഇസ്രയേൽ ബന്ധം ശക്തിപ്പെടുത്തുക മാത്രമല്ല, മെഡിറ്ററേനിയൻ മേഖലയിൽ ഇന്ത്യയ്ക്ക് ശക്തമായ ഒരു അടിത്തറ നൽകുകയും ചെയ്യുന്നു. ഇസ്രയേൽഇന്ത്യ പ്രതിരോധ വ്യാപാരം പ്രതിവർഷം 10 ബില്യൺ ഡോളറിലധികം ഉണ്ടെന്നാണു കണക്കുകൾ സൂചിപ്പിക്കുന്നത്.



# പോർവിമാനങ്ങളിൽ വിസ്മയമൊരുക്കാൻ ബെംഗളൂരു; എയ്റോ ഇന്ത്യ

**ബെംഗളൂരു:** ഇനിയുള്ള 5 ദിനം ബെംഗളൂരുവിന്റെ ആകാശം പോർവിമാനങ്ങളാൽ നിറയും. ഏഷ്യയിലെ തന്നെ ഏറ്റവും വലിയ വ്യോമാഭ്യാസ പ്രദർശനമായ 'എയ്റോ ഇന്ത്യ' ഇന്ന് രാവിലെ 9.30ന് യെലഹങ്ക വ്യോമസേനാ താവളത്തിൽ കേന്ദ്ര പ്രതിരോധ മന്ത്രി രാജ്നാഥ് സിങ് ഉദ്ഘാടനം ചെയ്യും. രാവിലെ 10.20ന് വിമാനങ്ങളുടെ അഭ്യാസ പ്രകടനങ്ങൾക്കു തുടക്കമാകും. രണ്ടു വർഷത്തിലൊരിക്കിൽ നടക്കുന്ന 'എയ്റോ ഇന്ത്യ' വ്യോമയാന മേഖലയിലെ നൂതന സാങ്കേതികവിദ്യയുടെ പ്രദർശനത്തിനുള്ള വേദിയാണ്.

അത്യാധുനിക അഞ്ചാം തലമുറ യുദ്ധവിമാനങ്ങളായ റഷ്യയുടെ സു 57, യുഎസ് വ്യോമസേനയുടെ പോർമുനയായ ലൊക്കീഡ് മാർട്ടിന്റെ എഫ് 35, ലൈറ്റ്നിങ് 2 എന്നിവ ചരിത്രത്തിലാദ്യമായി ഒരു വേദിയിൽ അണിനിരക്കുന്നു എന്ന പ്രത്യേകതയുമുണ്ട്. ആണവായുധങ്ങൾ വഹിക്കാൻ ശേഷിയുള്ള ഇന്ത്യൻ വ്യോമസേനയുടെ സുഖോയ് 30 എംകെഐ, റഫാൽ തുടങ്ങിയവയും മേളയുടെ കരുത്താകും. 9 ഹോക്ക് എംകെ 132 ട്രെയിനർ വിമാനങ്ങൾ ഉൾപ്പെട്ട സൂര്യകിരൺ എയറോബാറ്റിക്സ് ടീമും ആകാശത്ത് അഭ്യാസക്കാഴ്ചകൾ രചിക്കും.

ഇന്ത്യൻ നിർമിത യുദ്ധവിമാനമായ തേജസ്, ലഘുയുദ്ധ ഹെലിക്കോപ്റ്ററായ പ്രചണ്ഡ്, ഗതാഗത വിമാനമായ സി 295 തുടങ്ങിയവ മേളയുടെ കരുത്താകും. രാജ്യം നിർമിക്കാൻ ലക്ഷ്യമിടുന്ന അഞ്ചാം തലമുറ പോർവിമാനത്തിന്റെ മാതൃകയും അഗ്നി, പിനാക്ക തുടങ്ങിയ മിസൈലുകളും പ്രദർശിപ്പിക്കും. നാളെയും 12നും ഉച്ചയ്ക്ക് 12 മുതലാണ് വിമാനങ്ങളുടെ അഭ്യാസ പ്രകടനം . 13നും 14നും രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 12 വരെയും ഉച്ചയ്ക്ക് 2 മുതൽ വൈകിട്ട് 4.30 വരെയും 2 പ്രദർശനങ്ങളുണ്ടാകും. അവസാന 2 ദിനങ്ങളിലാണ് പാസ് മുഖേന പൊതുജനത്തിന് പ്രവേശനം.

രണ്ട് ജവാന്മാർക്ക് വീരമൃത്യു

# ഛത്തീസ്ഗഡിൽ ഏറ്റുമുട്ടൽ; 31 മാവോയിസ്റ്റുകളെ വധിച്ചു

**റായ്പൂർ :** ഛത്തീസ്ഗഡിലെ ബീജാപൂർ ജില്ലയിൽ സുരക്ഷാ സേനയുമായുണ്ടായ ഏറ്റുമുട്ടലിൽ രണ്ട് ജവാന്മാർക്ക് വീരമൃത്യു. ഏറ്റുമുട്ടലിൽ 31 മാവോയിസ്റ്റുകളെ സുരക്ഷാ സേന കൊന്നു. ഇന്ന് പുലർച്ചെ ഇന്ദ്രാവതി നാഷനൽ പാർക്കിന് സമീപമുള്ള വനമേഖലയിലാണ് ഏറ്റുമുട്ടൽ നടന്നത്. ബീജാപൂർ ജില്ലയിൽ സുരക്ഷാ സേന നടത്തിയ ഓപ്പറേഷനിൽ എട്ടു മാവോയിസ്റ്റുകൾ കൊല്ലപ്പെട്ട് ഒരാഴ്ചയ്ക്ക് ശേഷമാണ് പുതിയ സംഭവം. ജനുവരി 12ന് ബീജാപൂരിൽ പൊലീസും മാവോയിസ്റ്റുകളും തമ്മിൽ നടന്ന ഏറ്റുമുട്ടലിലും രണ്ട് സ്ത്രീകൾ അടക്കം 5 മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടിരുന്നു.

ആർകെ എന്ന കമലേഷ്, മാവോയിസ്റ്റ് ഗ്രൂപ്പിന്റെ വക്താവ് നിതി എന്ന ഊർമിള എന്നിവരുൾപ്പെടെയുള്ളവരെയാണ് സുരക്ഷാ സേന വധിച്ചതെന്നാണ് പുറത്തുവന്ന വിവരം. ആന്ധ്രാപ്രദേശിലെ വിജയവാഡ സ്വദേശിയായ കമലേഷ് ഐടിഐ വിദ്യാർഥിയായിരുന്നു. തെലങ്കാനയിലെ നൽഗൊണ്ട, ബിഹാറിലെ മാൻപൂർ, ഒഡീഷ അതിർത്തി പ്രദേശങ്ങൾ എന്നിവിടങ്ങളിൽ സജീവമായിരുന്നു ഇയാൾ. ഛത്തീസ്ഗഡ്, ആന്ധ്രാപ്രദേശ്, തെലങ്കാന, ഒഡീഷ, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങൾ കേന്ദ്രീകരിച്ചായിരുന്നു പ്രവർത്തനം. ബീജാപൂരിലെ ഗംഗളൂർ സ്വദേശിയായ ഊർമിള പ്രത്യേക സോണൽ കമ്മിറ്റി അംഗമായിരുന്നു.



# കേരള റെയർ ബ്ലഡ് ഡോണർ രജിസ്ട്രി പുറത്തിറക്കി

**തിരുവനന്തപുരം:** ട്രാൻസ്ഫ്യൂഷൻ സേവനങ്ങളിലെ പ്രധാന വെല്ലുവിളിയാണ് അനുയോജ്യമായ രക്തം കണ്ടെത്താനുള്ള ബുദ്ധിമുട്ട്. ഇതിന് പരിഹാരമായി അപൂർവ രക്തദാതാക്കളെ തിരിച്ചറിയാനുള്ള റെയർ ബ്ലഡ് ഡോണർ രജിസ്ട്രി കേരള ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിൽ പുറത്തിറക്കി. കൊച്ചിയിൽ എല്ലാ സംസ്ഥാനങ്ങളിലേയും പ്രതിനിധികൾ പങ്കെടുത്ത ബ്ലഡ് ട്രാൻസ്ഫ്യൂഷൻ സർവീസിന്റെ ദേശീയ കോൺക്ലേവിലാണ് റെയർ ബ്ലഡ് ഡോണർ രജിസ്ട്രി പ്രകാശനം ചെയ്തതത്. കേരള മോഡൽ റെയർ ബ്ലഡ് ഡോണർ രജിസ്ട്രി രാജ്യത്താകെ വ്യാപിപ്പിക്കുമെന്ന് കേന്ദ്ര ബ്ലഡ് ട്രാൻസ്ഫ്യൂഷൻ സർവീസസ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

കൂടുതൽ രക്തദാതാക്കളെ ഉൾപ്പെടുത്തി രജിസ്ട്രി വിപുലപ്പെടുത്തുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. നിരവധി ആന്റിജനുകൾ പരിശോധിച്ച ശേഷമാണ് അപൂർവ രക്തദാതാക്കളുടെ രജിസ്ട്രി സജ്ജമാക്കിയത്. ഉടൻ തന്നെ രജിസ്ട്രിയുടെ സേവനം സംസ്ഥാനത്താകെ ലഭ്യമാക്കും. കൂടുതൽ രോഗികൾക്ക് ഉപകാരപ്പെടാൻ രജിസ്ട്രിയെപ്പറ്റിയുള്ള പ്രാഥമിക വിവരങ്ങൾ വൈദ്യ സമൂഹത്തിലേയ്ക്കും പൊതുജനങ്ങളിലേയ്ക്കും എത്തിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

തിരുവനന്തപുരം, കോട്ടയം, തൃശൂർ, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജുകളെ ഏകോപിപ്പിച്ചാണ് ഈ പദ്ധതി പൂർത്തിയാക്കിയത്. കേരള സ്റ്റേറ്റ് ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് രക്ത ബാങ്കിനെ സ്റ്റേറ്റ് നോഡൽ സെന്ററായി തിരഞ്ഞെടുത്തു.

2 കോടിയോളം രൂപയാണ് ട്രാൻസ്ഫ്യൂഷൻ മെഡിസിന്റെ വിവിധ വികസന പ്രവർത്തനങ്ങൾക്ക് അനുവദിച്ചിരുന്നത്. ഇതുവരെ 3000 അപൂർവ രക്തദാതാക്കളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

ഈ നാല് പ്രദേശങ്ങളിലെ സന്നദ്ധ രക്ത ദാതാക്കളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ചു അതിലെ 18 ആന്റിജനുകൾ പരിശോധിച്ചിരുന്നു. പല തവണ രക്തം സ്വീകരിക്കേണ്ടി വരുന്ന തലാസീമിയ, അരിവാൾ രോഗം, വൃക്ക, കാൻസർ രോഗികൾ എന്നിവരിലും ഗർഭിണികളിലും ആന്റിബോഡികൾ ഉണ്ടാവാൻ സാധ്യതയുണ്ട്.

അവർക്ക് യോജിച്ച രക്തം ലഭിക്കാതെ വരുമ്പോൾ ഈ രജിസ്ട്രയിൽ നിന്നും അനുയോജ്യമായ ദാതാവിനെ കണ്ടെത്തി രക്തം കൃത്യ സമയത്ത് നൽകി ജീവൻ രക്ഷിക്കാൻ കഴിയുന്നതാണ്.

ബ്ലഡ് ട്രാൻസ്ഫ്യൂഷൻ സർവീസ് രംഗത്ത് നൂതനവും പ്രസക്തവുമായ പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കുന്ന റെയർ ബ്ലഡ് ഡോണർ രജിസ്ട്രി ടീമിനെ കേന്ദ്ര ആരോഗ്യ മന്ത്രാലയം ആദരിച്ചു.



## ശ്രീനാരായണ ധർമ്മ മീമാംസ പരിഷത്തുകൾ നടത്തും

**ശിവഗിരി :** ശാരദാ പ്രതിഷ്ഠാ വാർഷികത്തിൻറെ മുന്നോടിയായി സംസ്ഥാനത്തിനകത്തും പുറത്തും ശ്രീനാരായണ ധർമ്മ മീമാംസ പരിഷത്തുകൾ നടത്തുവാൻ ശിവഗിരിയിൽ ചേർന്ന ഗുരുധർമ്മ പ്രചരണ നേതൃസംഗമം തീരുമാനിച്ചു. മണ്ഡലം ജില്ലാതല ഭാരവാഹികൾ, മാതൃസഭ, യുവജനസഭ ഭാരവാഹികൾ ഉൾപ്പെടെയുള്ളവർ യോഗത്തിൽ പങ്കെടുത്തു. ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റ് പ്രസിഡൻറ് സച്ചിദാനന്ദ സ്വാമി അധ്യക്ഷത വഹിച്ചു. ധർമ്മസംഘം ജനറൽ സെക്രട്ടറി സ്വാമി ശുഭാംഗാനന്ദ മുഖ്യപ്രഭാഷണം നടത്തി.

നിലവിൽ നടന്നുവരുന്ന മെമ്പർഷിപ്പ് ക്യാമ്പയിൻ ഏപ്രിൽ 15 വരെ തുടരും. മഹാത്മജി ശിവഗിരി എത്തി ഗുരുദേവനെ സന്ദർശിച്ചതിൻറെ ശതാബ്ദി വിപുലമായി ആഘോഷിക്കുവാനും, ഗുരുധർമ്മ പ്രചരണ സഭാ കേന്ദ്ര കമ്മിറ്റി തയ്യാറാക്കുന്ന 'ഗുരു പ്രഭാവം' സ്മരണിക ധർമ്മമീമാംസ പരിഷത്ത് വേളയിൽ പ്രകാശനം ചെയ്യുവാനും തീരുമാനിച്ചു.

യോഗത്തിൽ ഗുരുധർമ്മ പ്രചരണ സഭാ സെക്രട്ടറി സ്വാമി അസംഗാനന്ദഗിരി, രജിസ്ട്രാർ കെ.റ്റി .സുകുമാരൻ, ജോ: രജിസ്ട്രാർ പുത്തൂർ ശോഭനൻ, യുവജനസഭ ചെയർമാൻ രാജേഷ് സഹദേവൻ, മാതൃസഭ കേന്ദ്ര സമിതി പ്രസിഡൻറ് ഡോ. അനിതാ ശങ്കർ, പി. ആർ. ഓ ഡോ. സനൽകുമാർ, കോ ഓർ ഡിനേറ്റർ ചന്ദ്രൻ പുളിങ്കുന്ന്, അശോകൻ ശാന്തി, ആറ്റിങ്ങൽ കൃഷ്ണൻകുട്ടി, മാതൃസഭാ സെക്രട്ടറി ശ്രീജാ ഷാജി എന്നിവർ സംസാരിച്ചു.

## അഡ്വ. അനിൽ വിളയിൽ വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന ജനറൽ സെക്രട്ടറി



**കൊച്ചി :** വിശ്വഹിന്ദു പരിഷത്തിന്റെ സംസ്ഥാന ജനറൽ സെക്രട്ടറിയായി അഡ്വ. അനിൽ വിളയിൽ നിയമിതനായി. നിലവിൽ സംസ്ഥാന ജോയിന്റ് സെക്രട്ടറിയായിരുന്നു. സംസ്ഥാന പ്രസിഡന്റായി വിജി തമ്പി തുടരും. നിലവിലെ ജനറൽ സെക്രട്ടറി വി.ആർ.രാജശേഖരനെ സംസ്ഥാന വർക്കിംഗ് പ്രസിഡന്റായും നിയമിച്ചു. പ്രയാഗ് രാജിൽ നടന്നുവരുന്ന അന്താരാഷ്ട്ര യോഗത്തിലാണ് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തത്.




## തെരുവുനായ വിമുക്ത കേരളത്തിനായി ഒപ്പുശേഖരണത്തിൽ കൈകോർത്ത് ആലുവ റെഡ് ക്രോസ് സൊസൈറ്റി

**ആലുവ:** വർദ്ധിച്ചുവരുന്ന തിരുവുനായ വന്യമൃഗ ആക്രമങ്ങൾക്കെതിരെ പ്രധാനമന്ത്രിക്ക് സമർപ്പിക്കുന്ന 50 ലക്ഷം പേരുടെ ഭീമ ഹർജിയിൽ പങ്കുചേർന്ന് ആലുവ റെഡ് ക്രോസ് സൊസൈറ്റി. ജനസേവ തെരുവുനായ വിമുക്ത കേരള സംഘം ചെയർമാൻ ജോസ് മാവേലിയുടെ നേതൃത്വത്തിലാണ് ഒപ്പുശേഖരണ യജ്ഞം സംഘടിപ്പിക്കുന്നത്. ആലുവ ഐ എം എ ഹാളിൽ സംഘടിപ്പിച്ച റെഡ് ക്രോസ് സൊസൈറ്റി വാർഷികയോഗത്തിലാണ് സൊസൈറ്റി അംഗങ്ങൾ ഭീമ ഹർജിയിൽ ഒപ്പിട്ടത്. ആലുവ റെഡ് ക്രോസ് സൊസൈറ്റി ചെയർമാൻ ഡോക്ടർ ഹൈദരാലി, അമീൻ മുഹമ്മദ്, അബുബക്കർ, ഷബീർ, അഡ്വ ഇസ്മായിൽ ഖാൻ തുടങ്ങിയവർ നേതൃത്വം നൽകി.



## സഹജീവിയെ സഹോദരൻ എന്ന് വിളിക്കുന്നത് ഏറ്റവും വലിയ ആത്മീയത: ഗവർണർ ഡോ സി വി ആനന്ദബോസ്

**കോട്ടയം :** മറ്റുള്ളവരുടെ വേദനകളിൽ പങ്കുചേർന്ന് അവരെ സഹായിക്കുക എന്നതാണ് ക്രിസ്തുവും, ബുദ്ധനും പകർന്നു നൽകിയ ദർശനമെന്ന് പശ്ചിമ ബംഗാൾ ഗവർണർ ഡോ.സി.വി ആനന്ദബോസ്. സഹോദരൻ എന്ന ജീവകാരുണ്യപദ്ധതിയിലൂടെ മലങ്കര ഓർത്തഡോക്സ് സഭയും,പരിശുദ്ധ കാതോലിക്കാബാവായും ആ ദർശനത്തെ പൂർണതയിലെത്തിച്ചു.മലങ്കര ഓർത്തഡോക്സ് സഭയുടെ ജീവകാരുണ്യ പദ്ധതിയായ സഹോദരന്റെ മൂന്നാം വാർഷികം കോട്ടയം ദേവലോകം കാതോലിക്കേറ്റ് അരമനയിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു ഗവർണർ. മൂന്നാം വാർഷിക ആഘോഷത്തിന്റെ ഭാഗമായി സഭയുടെ അഖില മലങ്കര മർത്തമറിയം വനിതാ സമാജം പ്രവർത്തകർ സഹോദരിക്ക് ഒരു തരി പൊന്ന് എന്ന പദ്ധതിയിലൂടെ ഒരു കോടി നാൽപ്പത് ലക്ഷം രൂപ സമാഹരിച്ചിരുന്നു. സ്ത്രീശക്തി വിചാരിച്ചാൽ ഒന്നും അസാധ്യമല്ല എന്നതിന്റെ തെളിവാണിത്. ഈ ദൗത്യം നിറവേറ്റിയ സ്ത്രീജനങ്ങളെ അഭിനന്ദിക്കുന്നതായും ഗവർണർ പറഞ്ഞു.

സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്ന 100 വനിതകൾക്ക് 1 ലക്ഷം രൂപ നൽകാൻ വേണ്ടിയാണ് 1 കോടി രൂപയുടെ ധനശേഖരണം നടത്തിയത്.എന്നാൽ ഇതിലേക്കായി 110 അപേക്ഷകൾ ലഭിച്ചിരുന്നു. ഈ 110 പേർക്കും സഹായം നൽകുമെന്ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാബാവാ തന്റെ അധ്യക്ഷപ്രസംഗത്തിൽ പ്രഖ്യാപിച്ചു. ആത്മീയത എന്നത് സാഹോദര്യത്തിൽ അടിസ്ഥാനപ്പെട്ടതാണ്.സാഹോദര്യമുള്ളിടത്ത് ആത്മീയതയുണ്ട്.നമ്മൾ ആഗ്രഹിക്കുന്ന കാര്യങ്ങൾ മറ്റുള്ളവർക്കും കൂടി ചെയ്ത് കൊടുക്കാൻ ശ്രമിച്ചാൽ സമൂഹത്തിൽ തുല്യതവരും. അത്തരം വീക്ഷണത്തിലേക്ക് സഭയും,സമൂഹവും മാറണമെന്നും പരിശുദ്ധ കാതോലിക്കാബാവാ പറഞ്ഞു.

മലങ്കര ഓർത്തഡോക്സ് സഭ സമൂഹത്തിൽ നടത്തുന്ന സാമൂഹിക ഇടപെടലുകൾ പരിഗണിച്ച് പശ്ചിമ ബംഗാൾ ഗവർണറുടെ എക്സലൻസ് അവാർഡ് സഭയ്ക്ക് സമ്മാനിക്കുന്നതായി ഗവർണറുടെ എ.ഡി.സി മേജർ കുമാർ പ്രഖ്യാപിച്ചു. 1 ലക്ഷം രൂപയും പ്രശസ്തി പത്രവും അടങ്ങുന്ന പുരസ്ക്കാരം പരിശുദ്ധ കാതോലിക്കാബാവക്ക് ഡോ.സി.വി ആനന്ദബോസ് സമ്മാനിച്ചു.വിവാഹ ധനസഹായത്തിന്റെ ചെക്ക് പെൺകുട്ടികൾക്ക് വേണ്ടി റവ.ഫാ.ജോൺ ശങ്കരത്തിൽ കോർ എപ്പിസ്ക്കോപ്പാ ഗവർണറിൽ നിന്ന് ഏറ്റുവാങ്ങി. ആർദ്ര ചാരിറ്റബിൾ ട്രസ്റ്റ് മണവാട്ടിക്കൊരു പുടവ എന്ന പദ്ധതിയിലൂടെ ശേഖരിച്ച 100 വിവാഹ സാരികൾ മർത്തമറിയം സമാജം മാവേലിക്കര ഭദ്രാസന സെക്രട്ടറിയും മുതിർന്ന അംഗവുമായ മേരി വർഗീസ് ഗവർണറിൽ നിന്ന് ഏറ്റുവാങ്ങി. പരിശുദ്ധ കാതോലിക്കാബാവായുടെ 76 ആം ജൻമദിനത്തോട് അനുബന്ധിച്ചുള്ള പിറന്നാൾ കേക്ക് ചടങ്ങിൽ പരിശുദ്ധബാവായും,ഗവർണറും ചേർന്ന് മുറിച്ചു. സഹോദരൻ പദ്ധതിയുടെ സുവനീർ ഗവർണർ പ്രകാശനം ചെയ്തു. ഡോ. സി.വി ആനന്ദബോസിന്റെ പുസ്തകങ്ങളായ ഞാറ്റുവേല, പുത്തനാട്ടം എന്നിവയുടെ പ്രകാശനകർമ്മവും വേദിയിൽ നടന്നു.

സുന്നഹദോസ് സെക്രട്ടറി ഡോ യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്ത ചടങ്ങിന് സ്വാഗതം ആശംസിച്ചു.

യാക്കോബ് റമ്പാൻ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. തിരുവഞ്ചൂർ രാധാകൃഷ്ണൻ എംഎൽഎ, യൂഹാനോൻ മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്താ എന്നിവർ ആശംസകൾ നേർന്നു. അസോസിയേഷൻ സെക്രട്ടറി ബിജു ഉമ്മൻ നന്ദിരേഖപ്പെടുത്തി. വൈദിക ട്രസ്റ്റി ഫാ.ഡോ. തോമസ് വർഗീസ് അമയിൽ, അൽമായ ട്രസ്റ്റി റോണി വർഗീസ് ഏബ്രഹാം എന്നിവർ വേദിയിൽ സന്നിഹിതരായിരുന്നു.



# ആദ്യമായി പുറത്തിറക്കുന്ന ട്രൈബൽ ഹെൽത്ത് ആക്ഷൻ പ്ലാനിന് ലോകാരോഗ്യ സംഘടന സാങ്കേതിക സഹായം നൽകും

**തിരുവനന്തപുരം:** കേരളത്തിലെ ആദിവാസി മേഖലയിലെ ആരോഗ്യ ഇടപെടലുകൾക്ക് പിന്തുണയുമായി ലോകാരോഗ്യ സംഘടനാ (ഡബ്ല്യു.എച്ച്.ഒ.) പ്രതിനിധികൾ. ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജുമായി തിരുവനന്തപുരത്ത് നടത്തിയ കൂടിക്കാഴ്ചയിലാണ് ലോകാരോഗ്യ സംഘടനാ പ്രതിനിധികൾ ഇക്കാര്യമറിയിച്ചത്.

ആദ്യമായി സംസ്ഥാന തലത്തിൽ വികസിപ്പിക്കുന്ന ട്രൈബൽ ഹെൽത്ത് ആക്ഷൻ പ്ലാനിന് വേണ്ട സാങ്കേതിക സഹായം ലോകാരോഗ്യ സംഘടന നൽകുമെന്ന് പ്രതിനിധികൾ അറിയിച്ചു. ആദിവാസി മേഖലയിലെ ആരോഗ്യ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ വേണ്ടിയാണ് ട്രൈബൽ ഹെൽത്ത് ആക്ഷൻ പ്ലാൻ തയ്യാറാക്കാൻ സംസ്ഥാന ആരോഗ്യ വകുപ്പ് തീരുമാനിച്ചത്. സംസ്ഥാനതല ശിൽപശാല നടത്തിയാണ് ഇതിന് രൂപം നൽകിയത്. കുട്ടികളുടെ ആരോഗ്യത്തിനായി കേരളം നടത്തുന്ന പ്രവർത്തനങ്ങളെ ലോകാരോഗ്യ സംഘടനാ പ്രതിനിധികൾ അഭിനന്ദിച്ചു. നവജാതശിശുക്കളുടെ മരണ നിരക്ക് രാജ്യത്ത് ഏറ്റവും കുറവ് കേരളത്തിലാണ്. മാത്രമല്ല ഇത് വികസിത രാജ്യങ്ങളുമായി താരതമ്യം ചെയ്യാവുന്നതുമാണ്.

കേരളം കുട്ടികളുടെ ആരോഗ്യത്തിന് നൽകുന്ന പ്രാധാന്യം മന്ത്രി വീണാ ജോർജ് വിവരിച്ചു. പ്രസവം നടക്കുന്ന ആശുപത്രികളിൽ മികച്ച സൗകര്യങ്ങളൊരുക്കി ദേശീയ നിലവാരത്തിലേക്ക് ഉയർത്തി. രാജ്യത്ത് ആദ്യമായി മാതൃ ശിശു സൗഹൃദ ഇനിഷ്യേറ്റീവ് നടപ്പിലാക്കി. പ്രസവം നടക്കുന്ന ആശുപത്രികളെ ദേശീയ ലക്ഷ്യ സ്റ്റാന്റേഡിലേക്ക് ഉയർത്തി വരുന്നു. 12 ആശുപത്രികൾക്ക് ദേശീയ ലക്ഷ്യ സർട്ടിഫിക്കേഷൻ ലഭിച്ചു. കുഞ്ഞുങ്ങൾക്ക് ഗുണമേന്മയുള്ള ചികിത്സയും പരിചരണവും ഒരുക്കിയതിന് 3 ആശുപത്രികൾക്ക് ദേശീയ മുസ്‌കാൻ അംഗീകാരം ലഭിച്ചു. കുഞ്ഞുങ്ങളുടെ ജന്മനായുള്ള വൈകല്യങ്ങൾ കണ്ടെത്തി ചികിത്സിക്കുന്നതിന് വിപുലമായ സ്‌ക്രീനിംഗ് പ്രോഗ്രാം നടപ്പിലാക്കി. തിരുവനന്തപുരം എസ്.എ.ടി.യിൽ ആദ്യമായി ജനറ്റിക്‌സ് വിഭാഗവും ഫീറ്റൽ മെഡിസിൻ വിഭാഗവും ആരംഭിച്ചു. ഹൃദ്യം പദ്ധതിയിലൂടെ 7900ലധികം കുഞ്ഞുങ്ങൾക്ക് സൗജന്യ ഹൃദയ ശസ്ത്രക്രിയകൾ നടത്തി. അപൂർവ രോഗങ്ങളുടെ ചികിത്സയ്ക്കായി കെയർ പദ്ധതി ആദ്യമായി നടപ്പിലാക്കി. ഇത് കൂടാതെയാണ് ആദിവാസി മേഖലയ്ക്ക് മാത്രമായി പ്രത്യേക ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി. ഡബ്ല്യു.എച്ച്.ഒ. ഹെൽത്ത് സിസ്റ്റം സ്‌ട്രെന്തനിംഗ് ടീം ലീഡർ ഡോ. ഹിൽഡെ ഡിഗ്രിവ്, ഇന്റഗ്രേറ്റഡ് ഹെൽത്ത് സിസ്റ്റംസിലെ ഡോ. ദിലീപ് മെയ്‌രാംബം, ട്രൈബൽ ഹെൽത്ത് നാഷണൽ ഓഫീസർ ഡോ. പ്രദീഷ് സിബി, എൻ.എച്ച്.എം. ചൈൽഡ് ഹെൽത്ത് നോഡൽ ഓഫീസർ ഡോ. രാഹുൽ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

# രാജ്യാന്തര ഊർജമേള സമാപിച്ചു

**തിരുവനന്തപുരം:** എനർജി മാനേജ്‌മെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ തൈക്കാട് പോലീസ് ഗ്രൗണ്ടിൽ മൂന്നു ദിവസമായി നടന്ന കേരള രാജ്യാന്തര ഊർജമേള സമാപിച്ചു. എനർജി മാനേജ്‌മെന്റ് സെന്റർ ഫൗണ്ടർ ഡയറക്ടർ പ്രൊഫ. വി കെ ദാമോദരൻ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. ജീവിത ശൈലിയിലുള്ള മാറ്റത്തിലൂടെ ഊർജ സംരക്ഷണത്തിന് ആക്കം കൂട്ടാമെന്നും ഊർജമേഖലയിൽ അപ്രതീക്ഷിത മാറ്റങ്ങൾ ഉണ്ടാകുമ്പോൾ പകച്ചുനിൽക്കാതെ പരിഹാരം കണ്ടെത്താൻ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഊർജമേളയുടെ ഭാഗമായി പൊതുജനങ്ങൾക്കായും എനർജി കോൺഗ്രസിലെ എനർജി ക്ലബ് കേരളയുടെ ഭാഗമായ കോളേജ് വിദ്യാർത്ഥികൾക്കായും നടന്ന ക്വിസ് മത്സരങ്ങളിലെ വിജയികൾക്ക് അദ്ദേഹം സമ്മാനങ്ങൾ വിതരണം ചെയ്തു.ബ്യൂറോ ഓഫ് എനർജി എഫിഷൻസി (സൗത്ത്) മീഡിയ അഡ്വൈസർ ചന്ദ്രശേഖര റെഡ്ഡി, എനർജി മാനേജ്‌മെന്റ് സെന്ററിന്റെ എനർജി എഫിഷൻസി ഡിവിഷൻ മേധാവി ജോൺസൻ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു. എനർജി മാനേജ്‌മെന്റ് സെന്റർ ഡയറക്ടർ ഡോ.ആർ ഹരികുമാർ സ്വാഗതവും ജോയിന്റ് ഡയറക്ടർ ദിനേശ് കുമാർ എ എൻ നന്ദിയും അറിയിച്ചു.

കാർബൺ രഹിത കേരളം എന്ന പ്രമേയത്തിൽ സംഘടിപ്പിച്ച മേള ഹരിതകർമസേന അംഗങ്ങൾക്കുള്ള എൽ ഇ ഡി റിപ്പയറിങ് പരിശീലനത്തിനും വിദ്യാർത്ഥികൾക്കായുള്ള സംസ്ഥാന തല മത്സരങ്ങൾ ഉൾപ്പെടുന്ന സ്റ്റുഡന്റ് എനർജി കോൺഗ്രസിനും പുനരുപയോഗ ഊർജസ്രോതസ്സുകൾ, ഇലക്ട്രിക്ക് കുക്കിംഗ്, ഇലക്ട്രിക്ക് വാഹനങ്ങൾ എന്നിവയുടെ പ്രദർശനത്തിനും വിഷയാവതരണങ്ങൾക്കും വേദിയായി.

# ലിറ്റിൽകൈറ്റ്‌സ് സംസ്ഥാന ക്യാമ്പ് സമാപിച്ചു

**തിരുവനന്തപുരം:** കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്‌നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) കാര്യവട്ടം ഐസിഫോസ് ക്യാമ്പസിൽ സംഘടിപ്പിച്ച കുട്ടികളുടെ സംസ്ഥാന ക്യാമ്പ് സമാപിച്ചു. അനിമേറ്റർമാരായ ഫെലിക്‌സ് ദേവസ്യയും സുധീർ പി.വൈ.യും അനിമേഷനെക്കുറിച്ച് സമാപന ദിവസം ക്ലാസെടുത്തു. ടീം ടീച്ചിംഗിന്റെ ഭാഗമായി ഐ.ടി.യിലെ ജോലി സാധ്യതകൾ, ഉത്തരവാദിത്വപൂർണമായ എ.ഐ. ഉപയോഗം, ലാംഗ്വേജ് മോഡലുകളുടെ ക്രമീകരണം തുടങ്ങിയ വിഷയങ്ങളിൽ കൈറ്റ് ടീം വിവിധ ക്ലാസുകൾ നടത്തി. ബയോഇൻഫർമാറ്റിക്‌സ് വിദഗ്ധൻ ഡോ. അച്യുത് ശങ്കർ എസ്. നായർ, കൈറ്റ് സി.ഇ.ഒ. കെ. അൻവർ സാദത്ത്, ഐസിഫോസ് ഡയറക്ടർ ഡോ. ടി.ടി. സുനിൽ എന്നിവർ സമാപന സെഷനിൽ സംസാരിച്ചു.

# അനിലിന്റെ അക്രിലിക്ക് ചിത്രത്തിൽ അനുഗ്രഹം ചൊരിഞ്ഞ് പറശ്ശിനി മുത്തപ്പൻ

**പെരുമ്പാവൂർ:** തിരുവൈരാണിക്കുളം സൗത്ത് വെള്ളാരപ്പിള്ളി മൂലേത്ത് ഭഗവതി ക്ഷേത്രത്തിലെ കൗളമാർഗ്ഗിയായ സതീഷ് ആചാരിയുടെ മൂർദ്ധാവിൽ കൈവച്ചനുഗ്രഹിക്കുകയാണ് പറശ്ശിനിക്കടവ് മുത്തപ്പൻ മടപ്പുരയിലെ ദൈവക്കോലം. വർഷങ്ങളുടെ നീണ്ട കാത്തിരിപ്പിനൊടുവിൽ ഇക്കഴിഞ്ഞ ജനുവരി 5നാണ് മടപ്പുരമുത്തപ്പൻ, ഭക്തർക്കനുഗ്രഹവർഷവുമായി മൂലേത്ത് ഭഗവതിക്ഷേത്രത്തിലേയ്ക്കെത്തിയത്.

കൗളമാർഗ്ഗ സമ്പ്രദായത്തിലുള്ള പൂജാവിധാനങ്ങളും അനുഷ്ഠാനങ്ങളും ഇന്നും നിലനിർത്തിപ്പോരുന്ന മധ്യകേരളത്തിലെ അപൂർവ്വം ക്ഷേത്രങ്ങളിൽ ഒന്നാണിത്. വടക്കൻ കേരളത്തിലെ അപൂർവ്വങ്ങളായ തെയ്യക്കോലങ്ങൾ ആചാരപരമായി കെട്ടിയാടുന്നത് ഇവിടത്തെ വാർഷികാചാരങ്ങളിലൊന്നാണ്. പറശ്ശിനിക്കടവ് മുത്തപ്പന്റെ നിസ്തുലഭക്തനും ചിത്രകാരനും ഫോട്ടോഗ്രാഫറുമായ കൂടാലപ്പാട് സ്വദേശി ആർട്ടിസ്റ്റ് അനിലാണ് ദൈവക്കോലത്തിന്റെ സാന്നിധ്യം അക്രിലിക്ക് പെയിന്റിൽ ക്യാൻവാസിലേയ്ക്കു പകർത്തിയത്. 22 ഇഞ്ച് നീളത്തിൽ 14 ഇഞ്ച് വീതിയുള്ള ക്യാൻവാസ് മൗണ്ട് ഷീറ്റിലെ ചിത്രം ഒരു ദിവസംകൊണ്ട് അനായസമായി പൂർത്തിയാക്കാനായത് മുത്തപ്പന്റെ അനുഗ്രഹമായിരുന്നുവെന്ന് അനിൽ പറയുന്നു. ചിത്രം ഫ്രെയിം ചെയ്ത് ഉത്സവത്തിനു മുന്നോടിയായി മൂലേത്ത് ഭഗവതിക്ഷേത്രത്തിലേയ്ക്കു തന്നെ സമർപ്പിച്ചു. സോഷ്യൽ മീഡിയയിൽ പങ്കുവച്ചതോടെ ചിത്രം ആസ്വാദകശ്രദ്ധ നേടി. കൂവപ്പടി ഗണപതിവിലാസം ഹൈസ്‌കൂളിൽ പഠിക്കുമ്പോൾ അനിലിന്റെ ചിത്രരചനാപാടവം തിരിച്ചറിഞ്ഞു പ്രോത്സാഹനം നൽകിയത് ചിത്രകലാദ്ധ്യാപകനായിരുന്ന മോഹൻ ആണ്. പെരുമ്പാവൂരിൽ പണ്ടു പ്രവർത്തിച്ചിരുന്ന ചിത്രപീഠത്തിലെ അദ്ധ്യാപകരായിരുന്ന ഉദയൻ, ബെന്നി, രാജൻ തുടങ്ങിയവരാണ് വരകളിലെ വ്യത്യസ്തമാർന്ന ശൈലികൾ പകർന്നു നൽകിയത്.



ജീവിതപ്രാരാബ്ധങ്ങൾ അനിലിനെ കൊമേഴ്‌സ്യൽ ആർട്ടിലേയ്ക്ക് വഴിതിരിയാൻ നിർബന്ധിതനാക്കി. പിന്നീട് കുടുംബം പോറ്റാൻ ഛായാചിത്രങ്ങളും ബോർഡുകളും ബാനറുകളും എഴുതിത്തുടങ്ങി. പരസ്യരംഗത്തേയ്ക്ക് ആധുനിക സങ്കേതങ്ങൾ വന്ന ഒരു ഘട്ടത്തിൽ ആ രംഗത്ത് നിലനില്പില്ലാതായി. ഒടുവിൽ ഫോട്ടോഗ്രാഫറായി. അയ്മുറിക്കവലയിൽ അഭിനന്ദ് സ്റ്റുഡിയോ എന്ന സ്ഥാപനം നടത്തുകയാണ് വർഷങ്ങളായി. പെയിന്റിംഗുകൾക്കുള്ള ഓൺലൈൻ വിപണസാധ്യത മുന്നിൽക്കണ്ട് ഒരുവർഷമായി വീണ്ടും പെയിന്റിംഗ് തുടങ്ങിയിരിക്കുകയാണ്. എം.ടി. അന്തരിച്ച വേളയിൽ അദ്ദേഹത്തിന്റെ ഛായാചിത്രം വരച്ചു ശ്രദ്ധിയ്ക്കപ്പെട്ടിരുന്നു. കൂടാലപ്പാട് മുതിരപ്പറമ്പിൽ കൃഷ്ണൻകുട്ടിയുടെയും ജയയുടെയും മകനായ അനിൽ, കൂടാലപ്പാട് സിദ്ധൻ കവലയിലെ വിശ്വകർമ്മ ഹാളിൽ ഞായറാഴ്ചകളിൽ കുട്ടികളെ ചിത്രകല പഠിപ്പിക്കുന്നുമുണ്ട്. മിനിയാണ് ഭാര്യ. മക്കൾ: ഐശ്വര്യ, അഭിനന്ദ്, ആദർശ്.



ആർട്ടിസ്റ്റ് അനിൽ

സൊസൈറ്റി ടുഡേ
SOCIETY TODAY



എറണാകുളത്ത് നടന്ന ഡൗൺ സിൻഡ്രോം ദേശീയ ഗെയിംസിൽ നൂറു മീറ്റർ റോളർ സ്കേറ്റിംഗിൽ കേരളത്തെ പ്രതിനിധീകരിച്ച് മൽസരിച്ച സഞ്ജു ഹറോൾഡ് (തിരുവനന്തപുരം) ഒന്നാമതായി ഫിനീഷ് ചെയ്യുന്നു

# ഡൗൺ സിൻഡ്രോം ദേശീയ ഗെയിംസ് സമാപിച്ചു

**കൊച്ചി:** ഡൗൺ സിൻഡ്രോം ഫെഡറേഷൻ ഓഫ് ഇന്ത്യ (ഡിഎസ്എഫ് ഐ), ദി ഡൗൺ സിൻഡ്രോം ട്രസ്റ്റ് (ദോസ്ത്), സ്പെഷ്യൽ ഒളിമ്പിക്സ് ഭാരത് കേരള ഘടകം എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ ഡൗൺസിൻഡ്രോം അവസ്ഥയിലുള്ള എട്ട് വയസിനു മുകളിൽ പ്രായമുള്ള കുട്ടികൾക്കും മുതിർന്നവർക്കുമായി സംഘടിപ്പിച്ച് മൂന്നാമത് ഡൗൺ സിൻഡ്രോം ദേശീയ ഗെയിംസ് സമാപിച്ചു.

എറണാകുളം കടവന്ത്ര റീജ്യണൽ സ്പോർടസ് സെന്ററിൽ രണ്ടു ദിവസമായി നടന്നു വന്ന കായിക മാമാങ്കത്തിൽ അത്‌ലറ്റിക്സ്, ഷോട്ട് പുട്ട്, സോഫ്റ്റ്ബോൾ ത്രോ, റോളർ സ്കേറ്റിംഗ്, നീന്തൽ, ബാഡ്മിന്റൺ എന്നീ ഇനങ്ങളിൽ 16 സംസ്ഥാനങ്ങളിൽ നിന്നായി 200 ഓളം പേർ പങ്കെടുത്തു. അത്‌ലറ്റികസ്, നീന്തൽ, ബാഡ്മിന്റൺ എന്നിവ ആദ്യ ദിനവും ഷോട്ട് പുട്ട്, സോഫ്റ്റ്ബോൾ ത്രോ, റോളർ സ്കേറ്റിംഗ് എന്നിവ സമാപന ദിനമായ ഇന്നലെ(ഫെബ്രുവരി 09)യുമായിട്ടായിരുന്നു നടന്നത്. ഡൗൺ സിൻഡ്രോം ട്രസ്റ്റ് ചെയർമാനും ദോസ്ത് സപ്പോർട്ട് ഗ്രൂപ്പ് കേരള പ്രസിഡന്റുമായ ഡോ.ഷാജി തോമസ് ജോൺ സമാപന സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. ഡൗൺ സിൻഡ്രോം ഫെഡറേഷൻ ഓഫ് ഇന്ത്യ പ്രസിഡന്റ് ഡോ. സുരേഖ രാമചന്ദ്രൻ മുഖ്യ അതിഥിയായിരുന്നു.സ്പെഷ്യൽ ഒളിമ്പിക്സ് ഭാരത് റീജ്യണൽ ഡയറക്ടർ ഫാ. റോയ് കണ്ണഞ്ചിറ, ദോസ്ത് സപ്പോർട്ട് ഗ്രൂപ്പ് കേരള സെക്രട്ടറി നസ്രിൻ അഗ്ഫ, ജോയിന്റ് സെക്രട്ടറി ടെസി നിമിഷ് തുടങ്ങിയവർ സംസാരിച്ചു. വിജയികൾക്കുള്ള മെഡലുകളും സർട്ടിഫിക്കറ്റുകളും ചടങ്ങിൽ വിതരണം ചെയ്തു.




## ഫെഡറൽ ബാങ്ക് കൊച്ചി മാരത്തൺ

# അഭിഷേക് സോണിയും ശ്യാമലി സിംഗും ജേതാക്കൾ

**കൊച്ചി:** ക്ലിയോസ്പോർട്സ് സംഘടിപ്പിച്ച മൂന്നാമത് ഫെഡറൽ ബാങ്ക് കൊച്ചി മാരത്തണിൽ പുരുഷ വിഭാഗത്തിൽ അഭിഷേക് സോണിയും വനിതാ വിഭാഗത്തിൽ ശ്യാമലി സിംഗും ജേതാക്കളായി. 42.1 കി.മി ഫുൾ മാരത്തണിൽ മധ്യപ്രദേശ് സ്വദേശി അഭിഷേക് 2 മണിക്കൂർ 33 മിനിറ്റ് 38 സെക്കൻഡിൽ ഓടിയെത്തിയപ്പോൾ 3 മണിക്കൂർ 10 മിനിറ്റ് 59 സെക്കൻഡിലാണ് പശ്ചിമ ബംഗാൾ സ്വദേശി ശ്യാമലി ഓടിയെത്തിത്. പുരുഷ വിഭാഗം ഫുൾ മാരത്തണിൽ 2 മണിക്കൂർ 36 മിനിറ്റ് 34 സെക്കൻഡിൽ ഓടിയെത്തിയ കമലാകർ ലക്ഷ്മൺ ദേശ്മുഖ് രണ്ടാം സ്ഥാനവും തെലങ്കാന സ്വദേശി രമേശ് ചന്ദ്ര( 2 മണിക്കൂർ 38 മിനിറ്റ് 56 സെക്കൻഡ്) മൂന്നാം സ്ഥാനവും കരസ്ഥമാക്കി. വനിതാ വിഭാഗത്തിൽ ഹൈദരാബാദ് സ്വദേശി മാരിപ്പള്ളി ഉമ( മൂന്ന് മണിക്കൂർ 17 മിനിറ്റ് 57 സെക്കൻഡ്) രണ്ടാം സ്ഥാനവും മൂന്നു മണിക്കൂർ 25 മിനിറ്റ് 40 സെക്കൻഡിൽ ഓടിയെത്തിയ സാക്ഷി ആനന്ദ് കസ്ബെ മൂന്നാം സ്ഥാനവും സ്വന്തമാക്കി.

21.0975 കി.മീ ഹാഫ് മാരത്തണിൽ പുരുഷ വിഭാഗത്തിൽ തിരുവനന്തപുരം സ്വദേശി മനോജ് ആർ.എസ് (1 മണിക്കൂർ 12 മിനിറ്റ് 38 സെക്കൻഡ്) ഒന്നാമതെത്തിയപ്പോൾ കോഴിക്കോട് സ്വദേശി വിഷ്ണു കെ.കെ (1 മണിക്കൂർ 13 മിനിറ്റ് 13 സെക്കൻഡ്) രണ്ടാം സ്ഥാനവും ഭുവൻ ചന്ദ്ര സുയാൽ(1 മണിക്കൂർ 14 മിനിറ്റ് 18 സെക്കൻഡ്) മൂന്നാം സ്ഥാനവും നേടി. വനിതാ വിഭാഗം ഹാഫ് മാരത്തണിൽ തൃശൂർ സ്വദേശി സുപ്രിയ ബി( 1 മണിക്കൂർ 45 മിനിറ്റ് 8 സെക്കൻഡ്), പാലക്കാട് സ്വദേശി ഗായത്രി ജി( 1മണിക്കൂർ 48 മിനിറ്റ് 40 സെക്കൻഡ്), കൊച്ചി സ്വദേശി ബിസ്മി അഗസ്റ്റിൻ(1 മണിക്കൂർ 48 മിനിറ്റ് 59 സെക്കൻഡ്) എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

പുരുഷ വിഭാഗം പത്ത് കിലോമീറ്റർ മാരത്തണിൽ മനു എം(31 മിനിറ്റ് 44 സെക്കൻഡ്),അലക്സ് എസ്( 34 മിനിറ്റ് 35 സെക്കൻഡ്), മനോജ്(34 മിനിറ്റ് 36 സെക്കൻഡ്) എന്നിവർ ജേതാക്കളായി. വനിതാ വിഭാഗത്തിൽ 39 മിനിറ്റ് ഒമ്പത് സെക്കൻഡുകൊണ്ട് ഓടിയെത്തിയ അനുമോൾ തമ്പി ഒന്നാമതെത്തിയപ്പോൾ ജിൻസി ജി( 42 മിനിറ്റ് 16 സെക്കൻഡ്), ഗൗരി ജി(45 മിനിറ്റ് 40 സെക്കൻഡ്) എന്നിവർ രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. കൂടാതെ, മൂന്നു കിലോ മീറ്റർ ഗ്രീൻ റൺ, ഭിന്നശേഷിക്കാർക്കായുള്ള സ്പെഷ്യൽ റൺ എന്നിവയും നടന്നു. വിവിധ രാജ്യങ്ങളിൽ നിന്നും ഇന്ത്യയിൽ 20ൽ അധികം സംസ്ഥാനങ്ങളിൽ നിന്നുമായി എണ്ണായിരത്തിലധികം പേരാണ് മൂന്നാം സീസണിൽ പങ്കെടുത്തത്.

രാവിലെ നാലു മണിക്ക് മറൈൻഡ്രൈവ് ഷൺമുഖം റോഡിൽ നിന്നാരംഭിച്ച മാരത്തൺ ഫെഡറൽ ബാങ്ക് സി.എം.ഒ എംവിഎസ് മൂർത്തി, ഒളിമ്പ്യൻ ഗോപി തോന്നയ്ക്കൽ, ഡോ. വിമൽ കോശി തോമസ്, മാരത്തൺ റേസ് ഡയറക്ടർ ഒളിമ്പ്യൻ ആനന്ദ് ലൂയിസ് മെനെസെസ്, ക്ലിയോ സ്പോർട്സ് ഡയറക്ടർമാരായ ബൈജു പോൾ, അനീഷ് പോൾ, ശബരി നായർ എന്നിവർ ചേർന്ന് ഫ്ളാഗ് ഓഫ് ചെയ്തു. പുരസ്കാര വിതരണ ചടങ്ങിൽ ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ മുഖ്യാതിഥിയായിരുന്നു. ഹൈബി ഈഡൻ എം.പി, കോസ്റ്റ് ഗാർഡ് ഡിഐജി എൻ. രവി, ഫെഡറൽ ബാങ്ക് എക്സി. ഡയറക്ടർ ശാലിനി വാര്യർ, ഫെഡറൽ ബാങ്ക് സി.എഫ്.ഒ വെങ്കട്ട്രാമൻ വെങ്കട്ടേശ്വരൻ, മാരത്തൺ ഗുഡ്വിൽ അംബാസിഡർ പ്രാച്ചി തെഹ്ലാൻ, ജെയിൻ യൂണിവേഴ്സിറ്റി പ്രൊഫ. ലിസി ജൂലിയസ്, എന്നിവർ പങ്കെടുത്തു.



# സൗജന്യ കണ്ണ് പരിശോധനയും കണ്ണട വിതരണവും നടത്തി

**കൊച്ചി:** ടിജെ വിനോദ് എം.എൽ.എയുടെ കരുതലായ് എറണാകുളം സൗജന്യ സൂപ്പർ സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പിന്റെ ഭാഗമായുള്ള സൗജന്യ കണ്ണട വിതരണവും കണ്ണ് പരിശോധനയും നടന്നു. എറണാകുളം ടൗൺ ഹാളിൽ നടന്ന സമ്മേളനത്തിൽ വരാപ്പുഴ അതിരൂപത സഹായ മെത്രാൻ മോസ്റ്റ് റവ.ഡോ ആന്റണി വാലുങ്കൽ ഉദ്ഘാടനം നിർവഹിച്ചു. ടിജെ വിനോദ് എം.എൽ.എ യുടെ അധ്യക്ഷത വഹിച്ചു. ഹൈബി ഈഡൻ എം.പി, മനു ജേക്കബ്, ഡോ. ജുനൈദ് റഹ്മാൻ, ഐ.എം.എ സെക്രട്ടറി ഡോ.സച്ചിൻ സുരേഷ്, വിജു ചൂളയ്ക്കൽ, സനൽ നേടിയതറ, സിന്റാ ജേക്കബ് തുടങ്ങിയവർ പ്രസംഗിച്ചു. ഡിസംബർ മാസം നടന്ന ക്യാമ്പിൽ കണ്ണട നിർദ്ദേശിച്ചിരുന്ന 487 വക്തികൾക്ക് കണ്ണട വിതരണം നടത്തി. ഇന്ന് പരിശോധന നടത്തിയവർക്ക് ടിജെ വിനോദ് എം.എൽ.എയുടെ ഓഫീസിൽ നിന്ന് അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് വന്നു കണ്ണടകൾ വാങ്ങാവുന്നതാണ് എന്ന് എം.എൽ.എ അറിയിച്ചു.

# കൈറ്റിന്റെ സ്വന്തം എ.ഐ. എഞ്ചിൻ ഈ വർഷം: മന്ത്രി വി. ശിവൻകുട്ടി

**തിരുവനന്തപുരം:** കൈറ്റിന്റെ നേതൃത്വത്തിൽ അക്കാദമിക് ചട്ടക്കൂടിനകത്ത് പക്ഷപാതിത്വമില്ലാതെയും ഉത്തരവാദിത്തത്തോടെയും പ്രവർത്തിക്കുന്നതിനായി സ്വതന്ത്രമായ എ.ഐ എഞ്ചിൻ ഈ വർഷം തയ്യാറാക്കുമെന്ന് വിദ്യാഭ്യാസതൊഴിൽ വകുപ്പ് മന്ത്രി വി.ശിവൻകുട്ടി പറഞ്ഞു. സംസ്ഥാനത്തെ സ്കൂളുകളിലെ 'ലിറ്റിൽ കൈറ്റ്സ്' അംഗങ്ങൾക്കുള്ള സംസ്ഥാനതല സഹവാസ ക്യാമ്പ് തിരുവനന്തപുരം കാര്യവട്ടം ഗ്രീൻ ഫീൽഡ് സ്റ്റേഡിയത്തിലെ ഐസിഫോസ് ആസ്ഥാനത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

നിർമിതബുദ്ധിയുടെ സ്വാധീനം വ്യാപകമാകുന്നതോടൊപ്പം തന്നെ അവയുടെ ഉപയോഗം 80000 അധ്യാപകരെ പരിശീലിപ്പിക്കുന്നതിന്റേയും എ.ഐ.യുടെ അടിസ്ഥാനാശയങ്ങൾ ഐ.സി.ടി. പാഠപുസ്തകത്തിൽ ഉൾപ്പെടുത്തിയതിന്റേയും തുടർച്ചയായാണ് എ.ഐ എഞ്ചിൻ തയ്യാറാക്കുന്നത്. ഒറ്റപ്പെട്ട വിജയകഥകൾക്ക് പകരം മുഴുവൻ സ്കൂൾ കുട്ടികൾക്കും റോബോട്ടിക് പഠനം സാധ്യമാക്കുകയാണ് സർക്കാർ ലക്ഷ്യം. സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ മുഴുവൻ വിദ്യാർഥികൾക്കും റോബോട്ടിക് പഠനസൗകര്യമൊരുക്കിയ ആദ്യ സംസ്ഥാനമാണ് കേരളം. സാങ്കേതിക മാറ്റം ആദ്യം ഉൾക്കൊള്ളുന്നത് വിദ്യാർഥികളാണ്. വിദ്യാർഥികളുടെയും അധ്യാപകരുടെയും വികാസത്തിനായാണ് ഐ.സി.ടി. ഉപകരണങ്ങൾ വിതരണം ചെയ്യുന്നത്. നിർമിത ബുദ്ധിയുടെ അടിസ്ഥാന ഐ.സി.ടി നയങ്ങൾ പാഠപുസ്തകത്തിൽ ഉൾപ്പെടുത്തി മാറ്റം സൃഷ്ടിച്ച സംസ്ഥാനമാണ് നമ്മുടേത്. ഡിജിറ്റൽ ഉപകരണങ്ങളുടെ അമിതോപയോഗത്തിനും വ്യാജ വാർത്തകളുടെ പ്രചാരണത്തിനും എതിരായ പ്രവർത്തനങ്ങൾക്ക് മുന്തിയ പരിഗണന നൽകുകയും അത് പാഠപുസ്തകത്തിൽ ഉൾപ്പെടുത്തുകയും പരിശീലനങ്ങൾ നൽകുകയും ചെയ്യുന്നുണ്ടെന്നും മന്ത്രി പറഞ്ഞു.

# നാച്ചുറൽസ് ഐസ് ക്രീം ഇനി കണ്ണൂരിലും

**കൊച്ചി:** ഇന്ത്യയിലെ ഐസ്ക്രീം വ്യവസായത്തിന്റെ തുടക്കക്കാരായ നാചറൽസ് കണ്ണൂരിൽ പുതിയ ഔട്ട്ലെറ്റ് ആരംഭിക്കുന്നു. ഏറ്റവും മികച്ച സീസണണിൽ ഉൽപാദിപ്പിക്കുന്ന പഴങ്ങളിൽ നിന്നാണ് ഐസ്ക്രീമുകൾ തയ്യാറാക്കുന്നതെന്ന് കമ്പനി അധികൃതർ അറിയിച്ചു. മലബാറി, മുഗൾ, അറബ് വിഭവങ്ങളുടെ മിശ്രിതങ്ങൾ, ഗ്യാസ്ട്രോണമിക് വിരുന്നുകൾ വരെ നാചറൽസിന്റെ മെനുവിലുണ്ട്.മാങ്ങ, പേരയ്ക്ക, ചിക്കു, കരിക്ക്, സീതഫാൽ, തണ്ണിമത്തൻ എന്നിവ സിഗ്നേച്ചർ ഫ്ളേവറുകളിൽ ഉൾപ്പെടുന്നു. കണ്ണൂരിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന സ്റ്റോർ എല്ലാ ദിവസവും തുറക്കുന്നതാണെന്നും കമ്പനി അധികൃതർ അറിയിച്ചു

# പ്രഭാതഭക്ഷണത്തിൽ ഗോതമ്പ് ബ്രെഡിന്റെ പ്രാധാന്യം വർധിക്കുന്നു

**കൊച്ചി:** നാരുകളാൽ സമൃദ്ധവും ആരോഗ്യകരവുമായ ഗോതമ്പ് ബ്രെഡ് പ്രഭാതഭക്ഷണത്തിന്റെ ഭാഗമാക്കേണ്ടതുണ്ടെന്ന് വിവിധ പഠനങ്ങൾ തെളിയിക്കുന്നതായി സർട്ടിഫൈഡ് ന്യൂട്രീഷ്യനിസ്റ്റായ ആതിര സേതുമാധവൻ പറഞ്ഞു,. പ്രഭാതഭക്ഷണത്തിന്റെ പോഷകമൂല്യം വർദ്ധിപ്പിക്കുന്നതിനുള്ള ഒരു മികച്ച മാർഗം പച്ചക്കറികൾ അല്ലെങ്കിൽ പ്രോട്ടീൻ സമ്പുഷ്ടമായ വിഭവങ്ങൾക്കൊപ്പം ഗോതമ്പ് ബ്രെഡ് ഉൾപ്പെടുത്തുക എന്നതാണെന്ന് വിദഗ്ധർ വ്യക്തമാക്കുന്നു.

രുചിയിൽ മാത്രമല്ല, ശരീരത്തിന് ആവശ്യമായ ഫൈബർ നൽകുന്ന ഗോതമ്പിൽ തയ്യാറാക്കിയ ബ്രെഡിന്റെ ഓരോ 100 ഗ്രാമിലും 10% പ്രോട്ടീനും 48% കാർബോഹൈഡ്രേറ്റും അടങ്ങിയിരിക്കുന്നു. ട്രാൻസ് ഫാറ്റോ കൊളസ്ട്രോളോ ഇല്ലാത്ത ഇത് ആരോഗ്യസംരക്ഷണത്തെ സംരക്ഷിക്കുന്നു. ഭക്ഷണത്തിൽ ഫൈബറിന്റെ കുറവ് ദഹനസംബന്ധമായ പ്രശ്നങ്ങൾക്കും ശാരീരിക വൈകല്യങ്ങൾക്കും കാരണമായേക്കാമെന്ന് പഠനങ്ങൾ തെളിയിക്കുന്നതായും ആതിര സേതുമാധവൻ പറഞ്ഞു.പ്രഭാതഭക്ഷണത്തിൽ ഗോതമ്പ് റൊട്ടി ഉൾപ്പെടുത്തുന്നത് ദൈനംദിന ഫൈബർ ആവശ്യങ്ങളുടെ 24% നിറവേറ്റുന്നുവെന്ന് ഉറപ്പാക്കുകയും ചെയ്യുമെന്ന് ആതിര പറഞ്ഞു.



# വികെസി സ്ഥാപക ദിനം; സാമൂഹ്യ ക്ഷേമ പദ്ധതികൾ പ്രഖ്യാപിച്ചു

**കൊച്ചി:** വി.കെ.സിയുടെ 41ാമത് സ്ഥാപക ദിനം ആഘോഷിച്ചു. സ്ഥാപകരായ വി.കെ.സി മമ്മദ് കോയ, മുഹമ്മദ് കുട്ടി, വി.മുഹമ്മദ് എന്നിവരെയും 30 വർഷത്തിലേറെ ജോലി ചെയ്ത ജീവനക്കാരെയും ചടങ്ങിൽ ആദരിച്ചു.

വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കായുള്ള എൻഡോവ്മെന്റ്, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 40 വിദ്യാർഥികൾക്ക് പ്രതിമാസം 1000 രൂപവീതം ധനസഹായം തുടങ്ങി നിരവധി സാമൂഹ്യക്ഷേമ പദ്ധതികൾ ചടങ്ങിൽ പ്രഖ്യാപിച്ചു.ഇന്ത്യയുടെ വികെസിയുടെ വളർച്ചയുടെ 'ഇന്നലെ, ഇന്ന്, നാളെ' എന്ന വിഷയത്തിൽ വികെസി മാനേജിംഗ് ഡയറക്ടർ വികെ.സി റസാഖ് സംസാരിച്ചു. ലോകത്തിലെ ആദ്യത്തെ 100 ശതമാനം പരിസ്ഥിതി സൗഹൃദസുസ്ഥിര പാദരക്ഷ ബ്രാൻഡായ 'ഗോ പ്ലാനറ്റ്' ആരംഭിക്കുന്നതായി വികെസി ഈയിടെ പ്രഖ്യാപിച്ചിരുന്നു.സ്ഥാപക ദിനാഘോഷങ്ങളുടെ ഭാഗമായി ഐഐഎം കാലിക്കറ്റ് അവതരിപ്പിക്കുന്ന വികെസി കാലിക്കറ്റ് ഹാഫ് മാരത്തൺ 2025 മാരത്തൺ തീമിൽ കോഴിക്കോട് നിന്നുള്ള സാഹിത്യകാരൻമാരെ ആദരിക്കും. ഫെബ്രുവരി 23 ന് കോഴിക്കോട് ബീച്ചിൽ നടക്കുന്ന മാരത്തണിൽ അയ്യായിരത്തോളം പേർ പങ്കെടുക്കും. കെ സി ചാക്കോ, എം വി വേണുഗോപാൽ, കെ എം ഹമീദലി, വി റഫീഖ്, അബ്ദുൽ കരീം, ഷിറാസ് പി എം, ബാബു എം, അസീസ് വി പി, മുസ്തഫ വി പി തുടങ്ങിയവർ സംസാരിച്ചു.

# ഐ സി എ ഐ എറണാകുളം അഖിലേന്ത്യാ തലത്തിലെ ഏറ്റവും മികച്ച ശാഖ

**കൊച്ചി:** ഐ സി എ ഐ എറണാകുളം 2024ലെ അഖിലേന്ത്യാ തലത്തിൽ ലാർജ് വിഭാഗത്തിൽ ഒന്നാം സമ്മാനം ലഭിച്ചു. പതിനൊന്നാം വർഷമാണ് എറണാകുളം ശാഖയ്ക്ക് അഖിലേന്ത്യാ തലത്തിൽ മികച്ച ശാഖയ്ക്കുള്ള അവാർഡ് ലഭിക്കുന്നത്.ന്യൂഡൽഹി യശോഭൂമിയിൽ നടന്ന ചടങ്ങിൽ എറണാകുളം ബ്രാഞ്ച് ചെയർമാൻ എ സലീമും മാനേജിംഗ് കമ്മിറ്റി അംഗങ്ങളും ഐ സി എ ഐ പ്രസിഡന്റ് രഞ്ജിത് കുമാർ അഗർവാൾ, ഐ സി എ ഐ വൈസ് പ്രസിഡന്റ് ചരൺജോത് സിംഗ് നന്ദ എന്നിവരിൽ നിന്നും ഏറ്റുവാങ്ങി.ഐ സി എ ഐ സെൻട്രൽ കൗൺസിൽ അംഗം ബാബു എബ്രഹാം കള്ളിവയലിൽ, ഐ സി എ ഐ നോർത്തേൺ ഇന്ത്യ റീജിയണൽ കൗൺസിൽ (എൻ ഐ ആർ സി) ചെയർമാൻ അഭിനവ് അഗർവാൾ, ഐ സി എ ഐ സതേൺ ഇന്ത്യ റീജിയണൽ കൗൺസിൽ ചെയർപേഴ്സൺ ഗീത എ ബി, ഐ സി എ ഐ റീജിയണൽ കൗൺസിൽ അംഗം സതീശൻ പി എന്നിവർ സന്നിഹിതരായിരുന്നു.ഇന്ത്യയിലുടനീളം 175 ശാഖകളും വിദേശത്ത് 48 ചാപ്റ്ററുകളും ഐ സി എ ഐക്കുണ്ട്.



# ആമസോണും ഡിജിഎഫ്റ്റിയും ചേർന്ന് ഇന്ത്യയിൽ നിന്നുള്ള ഇകൊമേഴ്സ് കയറ്റുമതി വേഗത്തിലാക്കും

**കൊച്ചി:** ഇന്ത്യയിൽ നിന്നുള്ള ഇകൊമേഴ്സ് കയറ്റുമതി വേഗത്തിലാക്കാനായി അമേസോണും വിദേശ വ്യാപാര ഡയറക്ടറേറ്റും (ഡിജിഎഫ്ടി) തമ്മിലുള്ള സഹകരണം വർദ്ധിപ്പിക്കുന്നു. 2023 നവംബറിൽ ഒപ്പുവച്ച ധാരണാപത്രത്തെ അടിസ്ഥാനമാക്കിയാണിത്. സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ (എംഎസ്എംഇ) കയറ്റുമതി വർദ്ധിപ്പിക്കുന്നതിന് സർക്കാരിൻറെ ജില്ലകൾ കയറ്റുമതി കേന്ദ്രങ്ങളായി പ്രോത്സാഹിപ്പിക്കുന്ന പദ്ധതി പ്രയോജനപ്പെടുത്തുക എന്നതാണ് ഈ ധാരണാപത്രത്തിൻറെ ലക്ഷ്യം. പുതിയ സഹകരണത്തിലൂടെ ഇന്ത്യയിലുടനീളമുള്ള എംഎസ്എംഇകൾക്ക് ഇകൊമേഴ്സ് കയറ്റുമതിയ്ക്ക് ആവശ്യമായ പിന്തുണ നൽകും.

വിപുലീകരിച്ച സഹകരണത്തിലൂടെ ഇന്ത്യയുടെ ഇകൊമേഴ്സ് കയറ്റുമതി സംവിധാനത്തെ കൂടുതൽ ശക്തിപ്പെടുത്തുന്ന നിരവധി പുതിയ പദ്ധതികൾ അവതരിപ്പിക്കുന്നു. ഇതിൻറെ ഭാഗമായി 47 ജില്ലകളിലുടനീളം പ്രത്യേക പരിശീലന പരിപാടികൾ, ഡിജിഎഫ്ടിയുടെ ട്രേഡ് കണക്ട് പോർട്ടലിൽ അമേസോണിൻറെ എക്സ്പോർട്ട് നാവിഗേറ്റർ ടൂളിൻറെ ഏകീകരണം, എംഎസ്എംഇകൾക്കായുള്ള പ്രാദേശിക ഓഫ്ലൈൻ നെറ്റ്വർക്കുകളായ എക്സ്പോർട്ട് കമ്മ്യൂണിറ്റികളുടെ അവതരണം എന്നിവ ഉൾപ്പെടുന്നു. ഈ സഹകരണത്തിലൂടെ വിവിധ ഇവൻറ് ഫോർമാറ്റുകൾ പ്രയോജനപ്പെടുത്തി എംഎസ്എംഇകൾക്ക് ഉൽപ്പന്ന നിർദ്ദേശവും കയറ്റുമതി പ്രവർത്തനങ്ങൾ വികസിപ്പിക്കുന്നതിനുമുള്ള നിർദേശം ലഭ്യമാക്കുകയും അമേസോണിൻറെ ആഗോള പ്രാധാന്യവും ഇകൊമേഴ്സ് കയറ്റുമതിയിലുള്ള അറിവും ഡിജിഎഫ്ടിയുടെ പ്രാദേശിക വൈദഗ്ധ്യവും യോജിപ്പിച്ച് ഈ പദ്ധതി ഇന്ത്യൻ വിൽപ്പനക്കാർക്ക് അന്താരാഷ്ട്ര വിപണികളിൽ പുതിയ അവസരങ്ങൾ ലഭ്യമാക്കാനുമാണ് ലക്ഷ്യമിടുന്നത്.

# ബോബി ചെമ്മണൂർ ഇൻറർനാഷണൽ ജ്വല്ലേഴ്സ് പുതിയ ഷോറൂം ദുബായിൽ

**കോഴിക്കോട്:** ബോബി ചെമ്മണ്ണൂർ ഇൻറർനാഷണൽ ജ്വല്ലേഴ്സിൻറെ ഏറ്റവും പുതിയ ഷോറൂം ദുബായ് സോനാപ്പൂരിൽ പ്രവർത്തനമാരംഭിച്ചു. ഉദ്ഘാടനം ബോബി ചെമ്മണ്ണൂർ, നടി കാജൽ അഗർവാൾ എന്നിവർ ചേർന്ന് നിർവഹിച്ചു.

ഉദ്ഘാടനത്തിൻറെ ഭാഗമായി സോനാപ്പു?ർ ഷോറൂമിൽ സ്വർണാഭരണങ്ങൾക്ക് പണിക്കൂലിയിൽ 50 ശതമാനം വരെ ഡിസ്കൗണ്ടും ഡയമണ്ട് ആഭരണങ്ങൾക്ക് 60 ശതമാനം ഡിസ്കൗണ്ടും ലഭിക്കും.

നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന ഭാഗ്യശാലികൾക്ക് ഓരു ഡയമണ്ട് നെക്ലേസ്, അഞ്ചു ഡയമണ്ട് മോതിരങ്ങൾ, രണ്ട് സ്മാർട്ട്ഫോണുകൾ എന്നീ സമ്മാനങ്ങൾ നേടാം. കൂടാതെ ഉദ്ഘാടനത്തിനെത്തുന്നവരിൽനിന്നും നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന അഞ്ചു പേർക്ക് സ്വർണനാണയം സമ്മാനമായി ലഭിക്കും.

ഫുജേറ, റാസൽഖൈമ, അബുദാബി, ഷാർജ, റിയാദ്, ദമാം, ദോഹ, മനാമ എന്നിവിടങ്ങളിൽ ബോബി ചെമ്മണൂർ ഇൻറർനാഷണൽ ജ്വല്ലേഴ്സിൻറെ പുതിയ ഷോറൂമുകൾ ഉടൻ പ്രവർത്തനമാരംഭിക്കുമെന്ന് ബോചെ അറിയിച്ചു.

ദുബായ് സോനാപ്പൂർ ഷോറൂം ഉദ്ഘാടനത്തോടനുബന്ധിച്ച് 10, 11, 12 തീയതികളിൽ ബോബി ചെമ്മണൂർ ഇൻറർനാഷണൽ ജ്വല്ലേഴ്സിൻറെ കേരളത്തിലെ എല്ലാ ഷോറൂമുകളിലും സ്വർണം, ഡയമണ്ട് ആഭരണങ്ങൾക്ക് പണിക്കൂലിയിൽ 50 ശതമാനം വരെ ഡിസ്കൗണ്ട് ലഭിക്കും.




# ഐസിഎഐ എറണാകുളത്തിന് മികച്ച ശാഖയ്ക്കുള്ള അവാർഡ്

**കൊച്ചി:** എറണാകുളം ഐസിഎഐക്ക് അഖിലേന്ത്യാതലത്തിൽ മികച്ച ശാഖയ്ക്കുള്ള (ലാർജ് വിഭാഗം) ഒന്നാം സമ്മാനം ലഭിച്ചു. പതിനൊന്നാം വർഷമാണ് എറണാകുളത്തിന് അഖിലേന്ത്യാതലത്തിൽ മികച്ച ശാഖയ്ക്കുള്ള അവാർഡ് ലഭിക്കുന്നത്.

ന്യൂഡൽഹി യശോഭൂമിയിൽ നടന്ന ചടങ്ങിൽ എറണാകുളം ബ്രാഞ്ച് ചെയർമാൻ എ. സലീമും മാനേജിംഗ് കമ്മിറ്റി അംഗങ്ങളും ഐസിഎഐ പ്രസിഡൻറ് രഞ്ജിത് കുമാർ അഗർവാൾ, വൈസ് പ്രസിഡൻറ് ചരൺജോത് സിംഗ് നന്ദ എന്നിവരിൽ നിന്ന് അവാർഡ് ഏറ്റുവാങ്ങി.

# അറ്റ്ലാന്റ ഇലക്ട്രിക്കൽസ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** ഇന്ത്യയിലെ പവർ, ഓട്ടോ, ഇൻവെർട്ടർ ഡ്യൂട്ടി ട്രാൻസ്ഫോർമറുകൾ എന്നിവയുടെ മുൻനിര നിർമ്മാതാക്കളായ അറ്റ്ലാൻറ ഇലക്ട്രിക്കൽ ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു.

200 മെഗാ വോൾട്ട്ആംപ് (എംവിഎ) ശേഷിയും 220 കിലോവോൾട്ട് വോൾട്ടേജും ഉൾപ്പടെയുള്ള ട്രാൻസ്ഫോർമറുകൾ നിർമ്മിക്കുന്ന ഇന്ത്യയിലെ ചുരുക്കം ചില കമ്പനികളിൽ ഒന്നാണ് അറ്റ്ലാൻറ ഇലക്ട്രിക്കൽ ലിമിറ്റഡ്.

ഓഹരി ഒന്നിന് 2 രൂപ വീതം മുഖവിലയുള്ള 400 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും 3,810,895 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

മോത്തിലാൽ ഓസ്വാൾ ഇൻവെസ്റ്റ്മെൻറ് അഡ്വൈസേഴ്സ് ലിമിറ്റഡും ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡുമാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

സൊസൈറ്റി ടുഡേ
SOCIETY TODAY



# ഗൃഹ ശോഭ നിർധനരായ കുടുംബങ്ങൾക്ക് 230 വീടുകൾ കൈമാറി

**പാലക്കാട്:** പി.എൻ.സി. മേനോനും ശോഭാ മേനോനും ചേർന്ന് 1994ൽ സ്ഥാപിച്ച ശ്രീ കുറുംബ എജ്യുക്കേഷണൽ ആൻഡ് ചാരിറ്റബിൾ ട്രസ്റ്റ്, അധഃസ്ഥിത കുടുംബങ്ങളെ സഹായിക്കാനുള്ള ദൗത്യത്തിൽ പുതിയൊരു നാഴികക്കല്ല് കൂടി കൈവരിച്ചു. ഗൃഹ ശോഭ 2025 പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിലെ സ്ത്രീകൾ നേതൃത്വം നൽകുന്ന കുടുംബങ്ങൾക്ക് 120 വീടുകൾ ട്രസ്റ്റ് കൈമാറി. ഇതിൽ ഭൂരഹിതരായ 13 കുടുംബങ്ങൾക്ക് വീട് നിർമിക്കാൻ അഞ്ച് സെന്റ് വീതം ഭൂമി നൽകി. കഴിഞ്ഞ വർഷം ട്രസ്റ്റ് വിജയകരമായി 110 വീടുകൾ ലഭ്യമാക്കി. മൊത്തം 230 സൗജന്യ വീടുകൾ അർഹരായ കുടുംബങ്ങൾക്ക് കൈമാറി.

1,000 സൗജന്യ വീടുകൾ നൽകാൻ ലക്ഷ്യമിടുന്ന ഈ സംരംഭം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് അപര്യാപ്തമായ ഭവനങ്ങൾ പരിഹരിക്കുന്നതിനുള്ള ഒരു ചുവടുവെപ്പാണ്. ഈ പ്രയത്നം തുടർന്നുകൊണ്ട് 2025 മാർച്ചിൽ 120 വീടുകൾക്കുകൂടി തറക്കല്ലിടും.

റവന്യൂ, ഹൗസിംഗ് മന്ത്രി അഡ്വ കെ രാജൻ, സംസ്ഥാന മന്ത്രിമാർ, എംപിമാർ, എംഎൽഎമാർ, രാഷ്ട്രീയ നേതാക്കൾ എന്നിവർ ഉൾപ്പെടെയുള്ള പ്രമുഖരുടെ സാന്നിധ്യത്തിലായിരുന്നു പരിപാടി. സുസ്ഥിരമായ സംരംഭങ്ങളിലൂടെ സാമൂഹിക വികസനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ട്രസ്റ്റിന്റെ പ്രതിബദ്ധത ഇത് അടിവരയിടുന്നു.

സുരക്ഷിതമായ ഒരു വീട് എണ്ണമറ്റ സാധ്യതകൾക്കുള്ള തുടക്കമാണ്. ഗൃഹ ശോഭ സംരംഭത്തിലൂടെ, സ്ത്രീകൾ നയിക്കുന്ന കുടുംബങ്ങളെ തടസ്സങ്ങൾ മറികടന്ന് ശോഭനമായ ഭാവി കെട്ടിപ്പടുക്കാൻ പ്രാപ്തരാക്കുന്നു. ഈ യാത്രയിലൂടെ വീടുകൾ നൽകുന്നതിനേക്കാളുപരി ഇത് വരും തലമുറകൾക്ക് ശാക്തീകരണത്തിന്റെയും പ്രതീക്ഷയുടെയും ഒരു പാരമ്പര്യം സൃഷ്ടിക്കുന്നതു കൂടിയാണ്.

ശ്രീ കുറുംബ എഡ്യൂക്കേഷണൽ ആൻഡ് ചാരിറ്റബിൾ ട്രസ്റ്റിൽ, സമഗ്രമായ സാമൂഹിക വികസനത്തിലൂടെ ശാശ്വതമായ മാറ്റം സൃഷ്ടിച്ചുകൊണ്ട് ജീവിതത്തെ പരിവർത്തനം ചെയ്യാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണെന്നും ശോഭ ഗ്രൂപ്പിന്റെ സ്ഥാപകനും ശ്രീ കുറുംബ എജ്യുക്കേഷണൽ ആൻഡ് ചാരിറ്റബിൾ ട്രസ്റ്റിന്റെ പിന്നിലെ ദർശകനുമായ പി എൻസി മേനോൻ പറഞ്ഞു.

# തിമിര ശസ്ത്രക്രിയ വിഭാഗം വിപുലീകരിച്ച് കോട്ടയം എ.എസ്.ജി വാസൻ ഐ ഹോസ്പിറ്റൽ

**കോട്ടയം:** തിമിര (കാറ്ററാക്ട്) ശസ്ത്രക്രിയ വിഭാഗം വിപുലീകരിച്ച് കോട്ടയം എ.എസ്.ജി വാസൻ ഐ ഹോസ്പിറ്റൽ. തിമിര ശസ്ത്രക്രിയ വിദഗ്ധരുടെ മുഴുവൻ സമയ സേവനവും ലഭ്യമായതിനാൽ രോഗികൾക്ക് ഏതു തരം തിമിര ശസ്ത്രക്രിയകൾക്കുീ ഇവിടെ വിദഗ്ധ പരിചരണം ലഭിക്കുമെന്ന് ആശുപത്രി അധികൃതർ അറിയിച്ചു. ഫെബ്രുവരി 08 മുതൽ മാർച്ച് 08 വരെ മുതിർന്ന പൗരന്മർക്ക് വരെ സൗജന്യ ഒപി ചികിത്സയും ഉണ്ടായിരിക്കുന്നതാണ്. അത്യാധുനിക ഉപകരണങ്ങളും പ്രഗൽഭരായ ശസ്ത്രക്രിയ വിദഗ്ധരും ഉള്ളതിനാൽ തിമിര വിഭാഗം കൂടുതൽ രോഗികളെ അവരുടെ കാഴ്ചശക്തി വീണ്ടെടുക്കാനും ജീവിതനിലവാരം മെച്ചപ്പെടുത്താനും സഹായിക്കുമെന്നതിന് സംശയമില്ല. രോഗികൾക്ക് സാധ്യമായ ഏറ്റവും മികച്ച ചികിത്സ ഉറപ്പാക്കാൻ ഞങ്ങളുടെ വിദഗ്ദ്ധരുടെ ടീം ഏറ്റവും പുതിയ സാങ്കേതികവിദ്യകളാണ് ഉപയോഗിക്കുന്നതെന്ന് എ. എസ്. ജി. ഐ ഹോസ്പിറ്റലിന്റെ ബിസിനസ് ഡെവലപ്മെന്റ്, മാർക്കറ്റിംഗ് & ബ്രാൻഡിംഗ് ഡയറക്ടറായ ഡോ. പി.കെ. പങ്കജ്, പറഞ്ഞു.കാറ്ററാക്ട് സർജനായ ഡോ. വൈശാഖ് തോമസ്, ജനറൽ ഒഫ്താൽമോളജിസ്റ്റ് ഡോ. മിന്റു മരിയ ജോസ്,ഗ്ലോക്കോമ & മെഡിക്കൽ റെറ്റിന സീനിയർ കൺസൾട്ടന്റ് ഡോ. ആഷാ ജെയിംസ്,, ബിസിനസ് ഡെവലപ്മെന്റ് റീജിയണൽ ഹെഡ് ദീപക് നായർ, ഓപ്പറേഷൻസ് റീജിയണൽ ഹെഡ് ഹിമാൻഷു മാഥൂർ, ഓപ്പറേഷൻസ് ക്ലസ്റ്റർ ഹെഡ് സുമിത് കെ സുരേന്ദ്രൻ എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# ടി നസറുദ്ദീൻ അനുസ്മരണം ഇന്ന്

**കൊച്ചി:** കേരള വ്യാപാരി വ്യവസായി ഏകോപന സമിതി പച്ചാളം യൂണിറ്റിന്റെ നേതൃത്വത്തിൽ ടി നസറുദ്ദീന്റെ മൂന്നാം അനുസ്മരണം സംഘടിപ്പിക്കും. ഇന്ന് രാവിലെ 08.30 ന് വ്യാപാര ഭവനിൽ നടക്കുന്ന അനുസ്മരണ സമ്മേളനം ഏകോപന സമിതി എറണാകുളം ജില്ലാ വൈസ് പ്രസിഡന്റ് എം.സി പോൾസൺ ഉദ്ഘാടനം ചെയ്യും. യൂണിറ്റിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന ജീവകാരുണ്യ, സേവന പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും ചടങ്ങിൽ നടക്കും.







**കേരള മാനേജ്മെന്റ് അസോസിയേഷൻ ലീഡർ ഇൻസൈറ്റ് ലെക്ചർ സീരിസിൽ ഗൈഡ്‌വയർ ഇന്ത്യ വൈസ് പ്രസിഡന്റും മാനേജിംഗ് ഡയറക്ടറുമായ മുഹമ്മദ് അൻസി എസ് സംസാരിക്കുന്നു. അൽജിയേഴ്സ് ഖാലിദ്, ബിബു പുന്നൂരാൻ, ഡോ അനിൽ ജോസഫ് എന്നിവർ സമീപം**

# പുതിയ സാങ്കേതിക വിദ്യയെ പുൽകാനുള്ള താത്പര്യം പ്രകടമാക്കണം

**കൊച്ചി:** കേരള മാനേജ്മെന്റ് അസോസിയേഷൻ ലീഡർ ഇൻസൈറ്റ് ലെക്ചർ സീരിസിൽ ട്രാൻസ് ഹ്യുമാനിസം ഒരു ടെക്നോ മാനേജ്മെന്റിന്റേയും നേതൃത്വത്തിന്റേയും കാഴ്ചപ്പാടിൽ എന്ന വിഷയത്തിൽ ഗൈഡ്‌വയർ ഇന്ത്യ വൈസ് പ്രസിഡന്റും മാനേജിംഗ് ഡയറക്ടറുമായ മുഹമ്മദ് അൻസി എസ് സംസാരിച്ചു.

പുതിയ സാങ്കേതികവിദ്യയെ പുൽകാനുള്ള താത്പര്യം എല്ലാ സമയത്തും പ്രകടമാക്കണമെന്ന് മുഹമ്മദ് അൻസി എസ് ആവശ്യപ്പെട്ടു. നമ്മൾ പുൽകിയാലും ഇല്ലെങ്കിലും മാറ്റം കടന്നുവരുമെന്നും അതോടൊപ്പം സഞ്ചരിക്കാനാവുമ്പോഴാണ് വിജയം വരിക്കാനാവുകയെന്നും അദ്ദേഹം വിശദമാക്കി. പുതിയ സാമൂഹ്യ ചുറ്റുപാടുകളിൽ സ്ഥാപനത്തോടൊപ്പം ജീവനക്കാരുടെ കാര്യങ്ങളിലും കൂടി ശ്രദ്ധിക്കേണ്ടതുണ്ടെന്നും അത്തരത്തിൽ അവരുടെ വ്യക്തിപരമായ വളർച്ചയിൽ കൂടി പങ്കാളിത്തം വഹിക്കുകയും വേണം.

കേരള മാനേജ്മെന്റ് അസോസിയേഷൻ പ്രസിഡന്റ് ബിബു പുന്നൂരാൻ അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റും പ്രോഗ്രാം കമ്മിറ്റി ചെയറുമായ അൽജിയേഴ്സ് ഖാലിദ് സ്വാഗതവും ഹോണററി സെക്രട്ടറി ഡോ. അനിൽ ജോസഫ് നന്ദിയും പറഞ്ഞു.